## കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണം - പഞ്ചായത്ത് വകുപ്പ് - ജീവനക്കാര്യം - കോഴിക്കോട് ജില്ലാ പഞ്ചായത്തിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ശ്രീമതി ആനന്ദവല്ലി വി. പി-യുടെ അന്യത്രസേവനകാലം ഒരു വർഷത്തേക്ക് അനുവദിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

സ.ഉ. (സാധാ) നം.1976/2016/തസ്വഭവ തീയതി,തിരുവനന്തപുരം23/06/2016,

---

പരാമർശം : 1) സർക്കുലർ നം.42/13/ഫിൻ തീയതി: 10/03/2013.
2) ശ്രീമതി ആനന്ദവല്ലി വി. പി-യുടെ 13.06.2016 ലെ അപേക്ഷ
3) കോഴിക്കോട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 14.06.2016 ലെ കത്ത്
4) വ്യാവസായിക പരിശീലന വകുപ്പ് ഡയറക്ടറുടെ 15.06.2016 ലെ എ 3/15983/16 നമ്പർ കത്ത്.

## ഉത്തരവ്

കോഴിക്കോട് ജില്ലാ പഞ്ചായത്തിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിലേക്ക് അന്യത്രസേവനകാലവ്യവസ്ഥയിൽ നിയമനത്തിനായി വ്യാവസായിക പരിശീലന വകുപ്പിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് (സീനിയർ ഗ്രേഡ്) ശ്രീമതി ആനന്ദവല്ലി വി പി പരാമർശം 2 പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. കൂടാതെ ജില്ലാ പഞ്ചായത്തിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തിക ഒഴിഞ്ഞ് കിടക്കുകയാണെന്നും ടി തസ്തികയിലേക്ക് ശ്രീമതി ആനന്ദവല്ലി വി പിയെ അന്യത്രസേവനകാലവ്യവസ്ഥയിൽ നിയമിക്കണമെന്ന് കോഴിക്കോട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പരാമർശം 3 പ്രകാരം സർക്കാരിനോട് അപേക്ഷിക്കുകയുണ്ടായി. ശ്രീമതി ആനന്ദവല്ലി വി.പിയെ അന്യത്രസേവനകാലവ്യവസ്ഥയിൽ നിയമിക്കുകയാണെങ്കിൽ വിടുതൽ ചെയ്യുന്നതിന് വിസമ്മതം ഇല്ലെന്ന് പരാമർശം 4 പ്രകാരം വ്യാവസായിക പരിശീലന വകുപ്പ് ഡയറക്ടറും സർക്കാരിനെ അറിയിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചു. പരാമർശം 1 സർക്കുലറിലെ വ്യവസ്ഥകൾ പ്രകാരവും കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളുടെ അടിസ്ഥാനത്തിലും കോഴിക്കോട് ജില്ലാ പഞ്ചായത്തിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിലേക്ക് വ്യാവസായിക

പരിശീലന വകുപ്പിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് (സീനിയർ ഗ്രേഡ്) ശ്രീമതി ആനന്ദവല്ലി വി പി യെ അന്യത്രസേവനകാലവ്യവസ്ഥയിൽ ഒരു വർഷത്തേക്ക് നിയമിച്ച് ഉത്തരവു പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**സൂസൻ ഗോപി**

ഗവ.ഡെപ്യൂട്ടി സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
വ്യാവസായിക പരിശീലന ഡയറക്ടർ, ട്രെയിനിംഗ് ഡയറക്ടറേറ്റ്, ശാന്തി നഗർ, തിരുവനന്തപുരം
പ്രസിഡൻറ്/സെക്രട്ടറി, കോഴിക്കോട് ജില്ലാ പഞ്ചായത്ത്, കോഴിക്കോട്
ജില്ലാ ട്രഷറി ഓഫീസർ, കോഴിക്കോട്
ശ്രീമതി ആനന്ദവല്ലി വി പി, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് (സീനിയർ ഗ്രേഡ്) ട്രെയിനിംഗ് ഡയറക്ടറേറ്റ്, ശാന്തി നഗർ, തിരുവനന്തപുരം
ഡയറക്ടർ, ഐ. കെ. എം. ( സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.(ഇപിഎ 1/117/2016/തസ്വഭവ നമ്പർ ഫയൽ)

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ